**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2647** **04-03-2025 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ കെ.എസ്.ഇ.ബി ഓഫീസുകൾക്ക് സ്വന്തം കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിൽ സ്വന്തം കെട്ടിടത്തിലും വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.യുടെ വിവിധ ഓഫീസുകളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിൽ നിലവിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെഎസ്ഇ ബിഎൽ ഓഫീസുകൾ ഇല്ല.<br><br>പാറശ്ശാല ഇലക്ട്രിക്കൽ സബ്ഡിവിഷൻ, പാറശ്ശാല, കുന്നത്തുകാൽ, വെള്ളറട, മാരായമുട്ടം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത ഓഫീസുകളിൽ വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന ഓഫീസുകളുടെ ഓരോന്നിന്റെയും വാടക നിരക്ക് എത്രയാണെന്ന് അറിയിക്കാമോ; | (ബി) | പാറശാല മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കെഎസ്ഇബിഎൽ ഓഫീസുകളുടെ പ്രതിമാസ വാടക നിരക്ക് താഴെ സൂചിപ്പിക്കുന്നു.<br><br>(1)പാറശ്ശാല ഇലക്ട്രിക്കൽ സബ്ഡിവിഷൻ &പാറശ്ശാല ഇലക്ട്രിക്കൽ സെക്ഷൻ - Rs.16,000/-<br><br>(2) കുന്നത്തുകാൽ ഇലക്ട്രിക്കൽ സെക്ഷൻ - Rs.19,550/-<br><br>(3) വെള്ളറട ഇലക്ട്രിക്കൽ സെക്ഷൻ - Rs.19,000/-<br><br>(4) മാരായമുട്ടം ഇലക്ട്രിക്കൽ സെക്ഷൻ - Rs.15,813/- |
| (സി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | നിലവിൽ പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. |
| (ഡി) | ഈ സർക്കാർ വന്ന ശേഷം പാറശാല മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ നാളിതുവരെ നടപ്പിലാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവൃത്തികളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ സെക്ഷനുകളിലായി നാളിതുവരെ ദ്യുതി പദ്ധതിയിൽ ഹൈ ടെൻഷൻ ലൈനുകൾ സ്ഥാപിക്കൽ, ലോ ടെൻഷൻ ലൈനുകൾ സ്ഥാപിക്കൽ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ സ്ഥാപിത ശേഷി ഉയർത്തൽ, ട്രാൻസ്ഫോർമറുകളുടെ സ്ഥാപിത ശേഷി ഉയർത്തൽ, പഴയ കണ്ടക്ടറുകൾ |

| | | | |
|---|---|---|---|
| | | | മാറ്റി പുതിയവ സ്ഥാപിക്കൽ, ലൈനുകൾക്കിടയിൽ സ്പേസറുകൾ ഇടുന്ന പ്രവൃത്തി, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ നവീകരണ പ്രവൃത്തികൾ, വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് പ്രവൃത്തികൾ എന്നിവയ്ക്കായി ആകെ 50 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേക്കായി 208.59 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ദ്യുതി (2) പദ്ധതിയിൽ 42 പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. അതിലേക്കായി 344.79 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു.<br><br>കൂടാതെ കേന്ദ്ര ആവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്-ൽ 10 കോടി രൂപയുടെ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു. ഇതിനു പുറമെ അനുമതി ലഭിച്ച 5 കോടി രൂപയുടെ പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ